10 വയസ്സുകാരൻ സഹായം തേടുന്നു

ചേരപ്പള്ളി

ആദിത്യൻ

ഇരുവൃക്കയും പ്രവർത്തനരഹിതമായ പത്ത് വയസ്സുകാരൻ തുടർചികിത്സയ്ക്കായി സുമനസ്സുകളുടെ സഹായം തേടുന്നു.

ആര്യനാട് ചേരപ്പള്ളി പ്രശാന്ത് ഭവനിൽ പ്രശാന്തിന്റെയും വിദ്യയുടെയും മകൻ ആദിത്യൻ (10) ആണ് ചികിത്സാസഹായം തേടുന്നത്. ജന്മനാ വൃക്കരോഗത്താൽ തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ചികിത്സയിലാണ്. 2022 നവംബർ മുതൽ ഡയാലിസിസ് ചെയ്തുവരികയാണ്.

എത്രയുംവേഗം കിഡ്നി മാറ്റിവയ്ക്കണമെന്ന് ഡോക്ടർമാർ നിർദേശിച്ചിട്ടുണ്ട്. കൂലിപ്പണിക്കാരനായ പ്രശാന്തിനും വീട്ടമ്മയായ വിദ്യയ്ക്കും മകന്റെ ശസ്ത്രക്രിയക്ക് ആവശ്യമായ 30 ലക്ഷം രൂപ കണ്ടെത്താനാകാത്ത അവസ്ഥയാണ്. ബാങ്കിൽനിന്ന് ലോണെടുത്തും സന്നദ്ധസംഘടനകളുടെ സഹായം കൊണ്ടുമാണ് ഇതുവരെയുള്ള ചെലവ് നടത്തിയത്. കനറ ബാങ്കിന്റെ ആര്യനാട് ശാഖയിൽ വിദ്യയുടെ പേരിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്. അക്കൗണ്ട് നമ്പർ– 110082353240, ഐഎഫ്എസ്സി കോഡ്– സിഎൻആർബി0014039, ഗൂഗിൾപേ നമ്പർ– 9846273146.

യാദവസഭ സംസ്ഥാന സമ്മേളനം

തിരുവനന്തപുരം

കേരള യാദവസഭയുടെ 68–ാം വാർഷികവും സംസ്ഥാന സമ്മേളനവും സംസ്ഥാന പ്രസിഡന്റ് എ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. പുതിയ ഭാരവാഹികളായി എ കൃഷ്ണൻകുട്ടി (പ്രസിഡന്റ്), കെ കൃഷ്ണപിള്ള (വർക്കിങ് പ്രസിഡന്റ്), എസ് നാഗരാജൻ, സി ഗോപി, എം കതിർവേൽ (വൈസ് പ്രസിഡന്റുമാർ), ബി രാജു, വി ശിവറാം, പ്രീത ഗണേഷ് (സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു.

ഉപവാസ പ്രാർഥന

പാറശാല

നെടുവാൻവിള ചിറക്കുളത്തിന് സമീപം അപ്പോസ്ഥലിക ബഥേൽ ചർച്ചിന്റെ നേതൃത്വത്തിൽ രാവിലെ 10 മുതൽ രാത്രി 9 വരെ നടക്കുന്ന 21 ദിവസത്തെ ഉപവാസ പ്രാർഥനയും ഉണർവ് യോഗങ്ങളും ജൂൺ 4ന് സമാപിക്കും.

പൂർവ വിദ്യാർഥി സംഗമം

നെയ്യാറ്റിൻകര

ധനുവച്ചപുരം എൻഎസ്എസ് കോളേജ് 1980–83 ബാച്ച് ബിരുദ വിദ്യാർഥികളുടെ കൂട്ടായ്മ 'ഗോൾഡൻ 8083' ന്റെ കുടുംബസംഗമം നെയ്യാറ്റിൻകര ടൗൺ ഹാളിൽ പ്രൊഫ. വി കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്തു. എം നന്ദകുമാർ, ജനറൽ കൺവീനർ സന്തോഷ് പൂവാർ, കൺവീനർമാരായ ഗോപകുമാർ വി ഐ, അജയകുമാർ എൻ എസ്, നാരായണൻ തമ്പി, പ്രേംകുമാർ ഐ ജി തുടങ്ങിയവർ സംസാരിച്ചു.

ചാനൽ സിനിമ

കൈരളി

6.30	വീരം
9.00	വേതാളം
12.00	1911
4.00	സിങ്കം 2
7.00	തെങ്കാശിപട്ടണം
10.00	യു ടേൺ

വി

7.00	പട്ടണപ്രവേശം
10.30	മാരി 2
1.30	രാക്ഷസൻ
5.00	ഭരത്ചന്ദ്രൻ IPS
7.30	ആലിബാബയും ആറരക്കള്ളന്മാരും
10.00	സംഘം

ഏഷ്യാനെറ്റ്

9.30	ചൈനാടൗൺ

ഏഷ്യാനെറ്റ് പ്ലസ്

5.30	വിദ്യാരംഭം
9.30	സുകൃതം
3.00	ഹരിഹരൻപിള്ള ഹാപ്പിയാണ്
11.00	കാക്കി

ഏഷ്യാനെറ്റ് മൂവീസ്

7.00	ഈ പറക്കും തളിക
10.00	അത്ഭുതദ്വീപ്
1.00	നന്ദനം
4.00	പുള്ളിക്കാരൻ സ്റ്റാറാ
7.00	12th Man
10.30	കണ്ണും കണ്ണും കൊള്ളയടിത്താൽ

സൂര്യ

8.30	ഏഴ് സുന്ദരരാത്രികൾ
2.30	ഡാർവിന്റെ പരിണാമം

സൂര്യ മൂവീസ്

7.00	ഇലക്ട്ര
10.00	ദേ ഇങ്ങോട്ടു നോക്കിയേ
1.00	നം 1 സ്നേഹതീരം ബാംഗ്ലൂർ നോർത്ത്
4.00	ഉത്തമൻ
7.00	അഭിമന്യു
10.00	രണഭൂമി

എസിവി

9.00	ആര്യൻ
2.00	ചക്കരയുമ്മ
9.30	മിഥ്യ

'ധ്വനി' യിലെ ഗാനങ്ങളുടെ വിനൈൽ റെക്കോഡ് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ ഗായകൻ കല്ലറ ഗോപന് നൽകി പ്രകാശിപ്പിക്കുന്നു

ധ്വനിയിലെ ഗാനങ്ങൾ വിനൈൽ റെക്കോഡിൽ

തിരുവനന്തപുരം

സ്വരം ഓഡിയോസും മാക്ക് പ്രൊഡക്ഷനും ചേർന്ന് ധ്വനി സിനിമയിലെ ഗാനങ്ങൾ വിനൈൽ റെക്കോഡാക്കി പ്രകാശിപ്പിച്ചു. ഗാനരചയിതാവ് യൂസഫലി കേച്ചേരിയുടെ 89–ാം ജന്മദിനത്തിൽ നടന്ന ചടങ്ങിൽ സ്പീക്കർ എ എൻ ഷംസീർ പ്രകാശിപ്പിച്ചു. കല്ലറ ഗോപൻ ഏറ്റുവാങ്ങി.

മലയാളത്തിന് അതുല്യ സംഭാവന നൽകിയ യൂസഫലി കേച്ചേരി തന്റെ പാട്ടുകളിലൂടെ ജീവിക്കുന്നുണ്ടെന്നും ധ്വനിയിലെ പാട്ടുകൾ കാലമെത്ര കഴിഞ്ഞാലും മലയാളിയുടെ മനസ്സിലുണ്ടെന്നും സ്പീക്കർ പറഞ്ഞു. കെ ആൻസലൻ എംഎൽഎ അധ്യക്ഷനായി. നെയ്യാറ്റിൻകര നഗരസഭാ ചെയർമാൻ പി കെ രാജ് മോഹൻ, എം ആർ അനിൽ രാജ്, രവി മേനോൻ, എസ് വിനയ കുമാർ, സൂരജ് അലി, കരമന ഹരി, പ്രമോദ് പയ്യന്നൂർ, കെ വിനോദ് സെൻ എന്നിവർ സംസാരിച്ചു.

ഒരുകോടിയുടെ വിൽപ്പനയിൽ പുസ്തകമേള

സ്വന്തംലേഖകൻ

തിരുവനന്തപുരം

അക്ഷര ഉത്സവത്തിന്റെ ആഹ്ലാദം സമ്മാനിച്ച് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം സമാപിച്ചു. നാലുദിവസങ്ങളിലായി സെന്റ് ജോസഫ്സ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന മേളയിൽ 600 ലേറെ ലൈബ്രറികളും നൂറുകണക്കിന് പുസ്തകപ്രേമികളും പങ്കാളികളായി. 56 പ്രസാധകരുടെ 120 സ്റ്റാളുകളാണ് ഒരുക്കിയിരുന്നത്. ഒരുകോടിയുടെ വിൽപ്പന നടന്നതായാണ് പ്രാഥമിക കണക്ക്. മറ്റ് ജില്ലകളിൽനിന്നുള്ള ചെറുകിട പ്രസാധകർക്കും മേള അവസരമായി. വൈജ്ഞാനിക, ജനപ്രിയ പുസ്തകങ്ങൾക്ക് ഒപ്പം പുതിയ എഴുത്തുകാരുടെ പുസ്തകങ്ങളും ഒരുപോലെ വിറ്റഴിഞ്ഞു.

ചെറുകിട പ്രസാധകർക്ക് വലിയ പരിഗണന നൽകുന്നത് ലൈബ്രറി കൗൺസിൽ പുസ്തകോത്സവങ്ങളാണെന്ന് എഴുത്തുകാരനും പ്രസാധകനുമായ എം രാജീവ്കുമാർ പറഞ്ഞു. 30 വർഷമായി മേളയിൽ പുസ്തകങ്ങളുമായി എത്താറുണ്ട്. ഇത്തവണ വലിയ തിരക്കാണ് അനുഭവപ്പെട്ടതെന്നും അദ്ദേഹം പറഞ്ഞു.

മേളയോട് അനുബന്ധിച്ച് നടന്ന സാംസ്കാരിക പരിപാടികൾക്കും ആസ്വാദകരുടെ വലിയ നിരയുണ്ടായി. ഈവർഷം നടന്ന നിയമസഭാ പുസ്തകോത്സവവും ജില്ലാ പഞ്ചായത്തിന്റെ റാട്ട് പുസ്തകോത്സവത്തിനുശേഷം നടന്ന ജില്ലയിലെ വലിയ മേളയാകാനും ലൈബ്രറി കൗൺസിൽ മേളയ്ക്ക് കഴിഞ്ഞു.

വയോധികയുടെ മരണം കൊലപാതകമെന്ന് സൂചന

കോവളം

അവണാകുഴിയിൽ വയോധികയെ ദുരൂഹ സാഹചര്യത്തിൽ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്നു സൂചന. പ്രതിയും വയോധികയുടെ മകനുമായ ബിജുവിനെ (38) കാഞ്ഞിരംകുളം പൊലീസ് കസ്റ്റഡിയിൽ എടുത്തതായി വിവരം. അവണാകുഴി പെരിങ്ങോട്ടുകോണം വരിക്കപ്ലാവിള പുത്തൻവീട്ടിൽ പരേതനായ സോമന്റെ ഭാര്യ പത്മിനി (65, ലീല) ആണ് മരിച്ചത്.

വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയ പത്മിനിയുടെ ശരീരത്തിൽ മുറിവുകൾ ഉണ്ടായിരുന്നില്ലെങ്കിലും ആന്തരിക അവയവങ്ങളിൽ ഒട്ടേറെ മുറിവുകൾ ഉണ്ടെന്നാണ് വിവരം. ആന്തരിക രക്തസ്രാവവും ഉണ്ടായിട്ടുണ്ട്. ഇതു മർദനം മൂലമെന്നു പോസ്റ്റ്മോർട്ടത്തിൽ കണ്ടെത്തിയതായി സ്ഥിരീകരിക്കാത്ത വിവരമുണ്ട്. പോക്സോ കേസിൽ ജയിലിൽനിന്നു പുറത്തിറങ്ങിയ ബിജു, പത്മിനിയെ മർദിച്ചതായും പൊലീസിനു മൊഴി ലഭിച്ചിട്ടുണ്ട്. ഇതെല്ലാമാണ് മരണം കൊലപാതകമെന്ന നിഗമനത്തിൽ പൊലീസിനെ എത്തിച്ചത്.

സിപിഐ എം ബ്രാഞ്ച് ഓഫീസ് ഉദ്ഘാടനം

വിളപ്പിൽ

സിപിഐ എം മുണ്ടേല ബ്രാഞ്ച് ഓഫീസായ കോടിയേരി ബാലകൃഷ്ണൻ സ്മാരകമന്ദിരവും തുടർന്നു നടന്ന പൊതുയോഗവും സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം സ്വരാജ് ഉദ്ഘാടനം ചെയ്തു. മുൻ മുണ്ടേല ബ്രാഞ്ച് സെക്രട്ടറിയായിരുന്ന സനൽകുമാറിന്റെ നാമധേയത്തിലുള്ള സനൽകുമാർ ഗ്രന്ഥശാല സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു. മുണ്ടേല ജങ്ഷനിൽ പൊതുജനങ്ങൾക്ക് ആശ്രയമാകുന്ന രീതിയിൽ ലൈബ്രറി, ഡിജിറ്റൽ ജനസേവന കേന്ദ്രം, യുവജന ക്ലബ് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ജനസേവന കേന്ദ്രം ജില്ലാ സെക്രട്ടറി വി ജോയി ഉദ്ഘാടനം ചെയ്തു.

വിളപ്പിൽ ഏരിയ കമ്മിറ്റിയംഗം വി ആർ പ്രവീൺ അധ്യക്ഷനായി. ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ എസ് സുനിൽകുമാർ, ജി സ്റ്റീഫൻ എംഎൽഎ, വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി, ഏരിയ കമ്മിറ്റിയംഗങ്ങളായ കെ സുകുമാരൻ, എം രാജേന്ദ്രൻ, കെ ജയചന്ദ്രൻ, എം അനിൽകുമാർ, ആർ രാജ്മോഹൻ, ലോക്കൽ സെക്രട്ടറി എ ആന്റണി, പി ബി സുനിൽകുമാർ, എസ് സുനിൽകുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് വേദിയിൽ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

സിപിഐ എം മുണ്ടേല ബ്രാഞ്ച് ഓഫീസ് സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം സ്വരാജ് ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ, ജില്ലാ സെക്രട്ടറി വി ജോയി തുടങ്ങിയവർ സമീപം

കഞ്ചാവ് കടത്തിന് കുട്ടികൾ; ജുവനൈൽ നിയമപ്രകാരം കേസ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

തലസ്ഥാനത്ത് നൂറ് കിലോഗ്രാമോളം കഞ്ചാവ് പിടികൂടിയ സംഭവത്തിൽ പ്രതികൾക്കെതിരെ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരവും കേസെടുക്കും. കഞ്ചാവ് കടത്തിയത് സ്ത്രീയെയും കുട്ടികളെയും ഉപയോഗിച്ചായിരുന്നെന്ന എക്സൈസ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് കേസ്. പ്രതികളിലൊരാൾ ഭാര്യയെയും കുട്ടികളെയും കഞ്ചാവ് കടത്തിനുപയോഗിച്ചു.

പൊലീസിന്റെയും എക്സൈസിന്റെയും കണ്ണു വെട്ടിക്കുന്നതിനും പരിശോധനയിൽനിന്നും രക്ഷപ്പെടാനുമാണ് കുട്ടികളെ മറയാക്കുന്നതെന്നാണ് കണ്ടെത്തൽ. തലസ്ഥാനത്തേക്കുള്ള യാത്രയിൽ കുട്ടികൾ ഇരുന്ന ഭാഗത്താണ് കഞ്ചാവ് ഒളിപ്പിച്ചത്. പ്രതിയുടെ ഭാര്യയെയും കുട്ടികളെയുമല്ലാതെ മറ്റു സ്ത്രീകളെയും കുട്ടികളെയും കടത്തിനുപയോഗിച്ചോയെന്നും എക്സൈസ് പരിശോധിക്കുന്നുണ്ട്. സ്ത്രീയെയും കുട്ടികളെയും കണ്ടെത്താനായിട്ടില്ല. ഇവർക്കായി തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്.

ഇന്റേണൽ ഓഡിറ്റ് ഓഫീസർ

തിരുവനന്തപുരം

റീജണൽ കാൻസർ സെന്ററിൽ ഇന്റേണൽ ഓഡിറ്റ് ഓഫീസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. ജൂൺ അഞ്ചിന് വൈകിട്ട് മൂന്നുവരെ അപേക്ഷകൾ സ്വീകരിക്കും. വിവരങ്ങൾക്ക്: www.rcct vm.gov.in.

അഗ്നിരക്ഷാസേനയ്ക്ക് കുരുന്നുകളുടെ ആദരം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ബ്രഹ്മപുരത്തെ തീയണച്ച അഗ്നിരക്ഷാ ഉദ്യോഗസ്ഥർക്ക് ആദരമർപ്പിക്കാൻ കുരുന്നുകൾ സേനാ ആസ്ഥാനത്ത്. പട്ടം പ്ലാമൂട് മേപ്പിൾ ബെയർ കനേഡിയൻ പ്രീ സ്കൂളിലെ കുട്ടികളാണ് ഫയർഫോഴ്സ് ആസ്ഥാനത്ത് അധ്യാപകരോടൊപ്പമെത്തിയത്. മാലിന്യക്കൂനകളിലെ തീയും പുകയും അണയ്ക്കാൻ രാപ്പകലില്ലാതെ കഷ്ടപ്പെട്ട ഫയർഫോഴ്സിനുള്ള ആദരവായി മേധാവി ബി സന്ധ്യക്ക് മെമന്റോയും നൽകി. കുട്ടികൾ ഫ്ളാഷ് മോബും അവതരിപ്പിച്ചു. സ്റ്റേഷൻ ഓഫീസർ നിതിൻ രാജ് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി. സ്കൂൾ അക്കാദമിക് കോഓർഡിനേറ്റർ ഐലിൻ ആമി, അൽഫോൻസ് നൊറോണ, സേന ഉദ്യോഗസ്ഥരായ രാമമൂർത്തി, അനീഷ് കുമാർ എന്നിവർ സംസാരിച്ചു.

അഗ്നിശമനസേനാ ആസ്ഥാനത്തെത്തിയ കുട്ടികൾ ഡിജിപി ബി സന്ധ്യയ്ക്ക് ഒപ്പം

ഇന്നത്തെ പരിപാടി

- **പുത്തിരിക്കണ്ടം മൈതാനം** കുടുംബശ്രീ ദിന പ്രഖ്യാപനവും രജതജൂബിലി ആഘോഷങ്ങളുടെ സമാപനവും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ. വൈകിട്ട് 3.30ന്
- **നിയമസഭ ശങ്കരനാരായണൻ തമ്പി ഹാൾ** പ്രവാസി സെൽ സംവിധാനത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ. വൈകിട്ട് 4.30ന്
- **അൽസാജ് കൺവൻഷൻ സെന്റർ** യുവ നെയ്ത്തുകാർക്ക് തറി വിതരണ ഉദ്ഘാടനവും ശിൽപ്പശാലയും ഉദ്ഘാടനം മന്ത്രി പി രാജീവ്. പകൽ 11ന്
- **പൂജപ്പുര സ്വാതിതിരുനാൾ സരസ്വതി മണ്ഡപം** പ്രൊഫ. പി രഘുരാമൻ നായർ ട്രസ്റ്റിന്റെ സാഹിത്യപുരസ്കാര സമർപ്പണം മന്ത്രി വി ശിവൻകുട്ടി. വൈകിട്ട് 4.30
- **ഹോട്ടൽ ഗ്രാന്റ് ചൈത്രം** കിലെ ചുമട്ടുതൊഴിലാളികൾക്കുള്ള സമഗ്ര സർട്ടിഫൈഡ് വൈദഗ്ധ്യ പരിശീലന പരിപാടി ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി. പകൽ 12.30ന്
- **കേരള സർവകലാശാല സെനറ്റ് ഹൗസ്** ശിശുപരിപാലന കേന്ദ്രം ഉദ്ഘാടനം മന്ത്രി വീണാ ജോർജ്. പകൽ 11.30ന്
- **മാസ്കറ്റ് ഹോട്ടൽ** കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ വെബ്സൈറ്റ് ലോഞ്ച് മന്ത്രി എം ബി രാജേഷ്. പകൽ 11.30
- **സ്റ്റാച്യു വൈഎംസിഎ ഹാൾ** ചെറുധാന്യങ്ങൾ സംസ്ഥാനതല സെമിനാറും ബോധവൽക്കരണ ക്യാമ്പയിനും ഉദ്ഘാടനം അസം പ്രതിപക്ഷ നേതാവ് ദേബബ്രത സൈക്യ. രാവിലെ 10.30ന്
- **പിടിപി നഗർ സംസ്ഥാന നിർമിതി കേന്ദ്രം** ബിൽഡിങ് മെറ്റീരിയൽ മൊബൈൽ ടെസ്റ്റിങ് ലാബ് ഉദ്ഘാടനം മന്ത്രി കെ രാജൻ. പകൽ 11.30
- **മ്യൂസിയം ഓഡിറ്റോറിയം** ആർട്ടിസ്റ്റ് ബിനുകുട്ടൻ കീഴില്ലത്തിന്റെ ചിത്രപ്രദർശനം ഉദ്ഘാടനം മന്ത്രി കെ രാജൻ. പകൽ 12ന്
- **ക്യാപ്റ്റൻ ലക്ഷ്മി പാർക്ക്** ഹൗസ് കീപ്പിങ് പ്രവർത്തന ഉദ്ഘാടനം സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി. രാവിലെ ഒമ്പതിന്
- **ലെനിൻ ബാലവാടി** ബാലവിഹാറിന്റെ പ്രതിമാസ വട്ടമേശ ചർച്ച. വൈകിട്ട് 5.30
- **കനകക്കുന്ന് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാൾ** ടെലികമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സൊസൈറ്റി ദിന പ്രഭാഷണം. വൈകിട്ട് 6ന്
- **ഉപ്പളം റോഡ് ഹിന്ദുമിഷൻ ഓഫീസ്** കേരള ഹിന്ദുമിഷൻ ഷെയർ ഹോൾഡേഴ്സ് യോഗം. പകൽ 11ന്

150 കലാകാരന്മാരുടെ ചിത്രങ്ങളുമായി 'പാദമുദ്രകൾ'

തിരുവനന്തപുരം

ടിന്റ് അക്കാദമി ഫോർ ആർട്ട് നടത്തുന്ന 11 –ാമത് ചിത്രപ്രദർശനവുമായി 'പാദമുദ്രകൾ'ക്ക് ലളിതകലാ അക്കാദമിയിൽ തുടക്കമായി. 150 കലാകാരന്മാരുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിയാണ് പ്രദർശനം. വിവിധ മാധ്യമത്തിലുള്ളതാണ് ചിത്രങ്ങൾ. വിവിധ രാജ്യങ്ങളിൽ നിന്നുള്ളവരുടെ ചിത്രങ്ങൾ ഇതിലുണ്ട്. കാരയ്ക്കാമണ്ഡപം വിജയകുമാർ പ്രദർശനം ഉദ്ഘാടനം ചെയ്തു.

മാരത്തൺ ചർച്ചയിലും മുന്നോട്ട് പോകാതെ പുനഃസംഘടന

തിരുവനന്തപുരം

കോൺഗ്രസ് പുനഃസംഘടനയിൽ തീരുമാനങ്ങളെടുക്കാൻ വിവിധ തടസ്സങ്ങൾ നേരിട്ട് ഉപസമിതി. രണ്ടു ദിവസമായി തിരുവനന്തപുരത്ത് മാരത്തൺ ചർച്ച നടത്തിയെങ്കിലും അഞ്ചു ജില്ലപോലും പൂർത്തിയാക്കാനായില്ലെന്നാണ് അറിയുന്നത്. മെയ് മുപ്പതിനകം പുനഃസംഘടന പൂർത്തിയാക്കാനായില്ലെങ്കിൽ കെപിസിസി അധ്യക്ഷസ്ഥാനത്ത് തുടരില്ലെന്ന കെ സുധാകരന്റെ പ്രഖ്യാപനം നിലനിൽക്കെയാണ് തിരക്കിട്ട് ഉപസമിതി യോഗം.

രാവിലെമുതൽ രാത്രിവരെ പുനഃസംഘടനാ ഉപസമിതി യോഗം ചേരുന്നുണ്ടെങ്കിലും പേരുകളിലും ഗ്രൂപ്പുകളിലും തട്ടി ചർച്ച വഴിമുട്ടുകയാണ്. അനിൽകുമാർ ഒഴികെയുള്ളവരെല്ലാം യോഗത്തിലുണ്ട്. ഡിസിസി, ബ്ലോക്ക് തല ഭാരവാഹികളെയാണ് ഇപ്പോൾ തീരുമാനിക്കുന്നത്. പകുതിയോളം ജില്ലകൾ പൂർത്തിയാക്കിയെന്നും വരും ദിവസങ്ങളിൽ ബാക്കി ജില്ലകൾ കൂടി പൂർത്തിയാക്കുമെന്നുമാണ് ഔദ്യോഗിക കേന്ദ്രങ്ങൾ വെളിപ്പെടുത്തുന്നത്.

പുസ്തകോത്സവം

ചാല

കളിപ്പാൻകുളം സമദർശിനി ഗ്രന്ഥശാലാ ബാലവേദി കുട്ടികൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ പുസ്തകോത്സവത്തിൽ പങ്കെടുത്തു. ആറായിരത്തിൽ പരം രൂപയുടെ ബാലസാഹിത്യ പുസ്തകങ്ങൾ വാങ്ങി. സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു കുട്ടികളെ അനുമോദിച്ച് സംസാരിച്ചു. ജി ശ്രീകണ്ഠൻ, എ പി സുനിൽകുമാർ, അനിൽ, കെ ജി സനൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

പൊള്ളലേറ്റ് യുവതി മരിച്ചു; ഒമ്പതുമാസം പ്രായമുള്ള കുഞ്ഞ് ഗുരുതരാവസ്ഥയിൽ

തിരുവനന്തപുരം

അഞ്ജു

പുത്തൻതോപ്പിൽ വീടിന്റെ ശുചിമുറിയിൽ യുവതി പൊള്ളലേറ്റ് മരിച്ച നിലയിൽ. ഗുരുതരമായി പൊള്ളലേറ്റ യുവതിയുടെ ഒമ്പതു മാസം പ്രായമുള്ള കുഞ്ഞിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പുത്തൻതോപ്പ് അഗ്രികൾച്ചർ ഇപ്രൂവ്മെന്റ് സഹകരണ സംഘം ജീവനക്കാരനായ സഞ്ചുവിന്റെ ഭാര്യ അഞ്ജു (22) വാണ് പൊള്ളലേറ്റ് മരിച്ചത്. ചൊവ്വ വൈകിട്ട് ആറോടെയാണ് സംഭവം. ഭർത്താവ് സഞ്ചു ഫുട്ബോൾ കണ്ട ശേഷം തിരികെ വരുമ്പോഴാണ് ശുചിമുറിയിൽ ഇരുവരെയും പൊള്ളലേറ്റ് കിടക്കുന്നത് കണ്ടത്. മരിച്ചുകിടക്കുന്ന അഞ്ജുവിനെയും കുഞ്ഞിനെയും സഞ്ചുവാണ് ആശുപത്രിയിലെത്തിച്ചത്.

ഒന്നര വർഷം മുമ്പാണ് പുത്തൻതോപ്പ് സ്വദേശിയായ സഞ്ചുവിന്റെയും പൂങ്കുളം കോളിയൂർ സ്വദേശി അഞ്ജുവിന്റെയും വിവാഹം നടന്നത്. അച്ഛൻ: പ്രമോദ്. അമ്മ : ഷൈലജ. കഠിനംകുളം പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

സ്വകാര്യ ഏജൻസികൾ ഹരിതകർമസേനയ്ക്ക് ബദലല്ല

മാലിന്യനീക്കം സ്വകാര്യ ഏജൻസിക്ക്; പ്രചാരണം അടിസ്ഥാനരഹിതം

തിരുവനന്തപുരം

ഹരിതകർമസേനയ്ക്ക് പകരം സ്വകാര്യ ഏജൻസികളെ മാലിന്യ നീക്കത്തിന് നിയോഗിക്കുന്നുവെന്ന പ്രചാരണം അടിസ്ഥാനരഹിതമെന്ന് മേയർ ആര്യ രാജേന്ദ്രൻ. കോർപറേഷന് കീഴിലെ 100 വാർഡിലും ഹരിതകർമസേന മികച്ചരീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. നിലവിൽ 1020 വനിതകൾ ഹരിതകർമസേനാംഗങ്ങളായി പ്രവർത്തിക്കുന്നു. 6000 കിലോ അജൈവ മാലിന്യം ഓരോ ദിവസം ഹരിതകർമസേന വഴി ശേഖരിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ ശേഖരിക്കുന്ന വലിയ തോതിലുള്ള അജൈവമാലിന്യം പുനരുപയോഗിക്കുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ക്ലീൻ കേരള കമ്പനി മുഖേന അജൈവ മാലിന്യം കൈമാറുന്നുണ്ടെങ്കിലും നിലവിലതും പര്യപ്തമല്ല. ഹരിതകർമസേന ശേഖരിക്കുന്ന ഡ്രൈ വേസ്റ്റ് പല മെറ്റീരിയൽ കലക്ഷൻ സെന്ററുകളിലും കെട്ടിക്കിടക്കുന്നതായി പരാതികളുണ്ടായിട്ടുണ്ട്. ഈ അജൈവ മാലിന്യനീക്കത്തിനാണ് സ്വകാര്യ ഏജൻസികളെ നിയോഗിക്കുന്നത്. സ്വകാര്യ ഏജൻസികൾ ഹരിതകർമസേനയ്ക്ക് ബദലല്ല, ഹരിതകർമസേനയ്ക്ക് അജൈവമാലിന്യങ്ങൾ കൈമാറുന്നതിനുള്ള സംവിധാനമാണ്. സ്ത്രീ ശാക്തീകരണത്തിലും മാലിന്യ സംസ്കരണത്തിലും മികച്ച സംഭാവനകൾ നൽകിയ ഹരിതകർമസേനാ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള മാധ്യമ വാർത്തകൾ തെറ്റിദ്ധാരണാജനകമാണെന്ന് മേയർ അറിയിച്ചു.

ധർണ നടത്തി

തിരുവനന്തപുരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ നേതൃത്വത്തിൽ കരാറുകാർ ധർണ നടത്തി. കരാർ ലൈസൻസുകളുടെ കാലാവധി അഞ്ചുവർഷമാക്കുക, ക്വാറി –ക്രഷർ ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രിക്കാൻ കലക്ടർ അധ്യക്ഷനായി സമിതി രൂപീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ. ജനറൽ സെക്രട്ടറി സണ്ണി ചെന്നിക്കര ഉദ്ഘാടനം ചെയ്തു. എ മനാഫ് അധ്യക്ഷനായി.

വിഴിഞ്ഞം ഹാർബർ റോഡിൽ ഓട്ടോ മറിഞ്ഞുണ്ടായ അപകടം

ഓട്ടോ മറിഞ്ഞ് അപകടം; രക്ഷകരായി കോസ്റ്റ് ഗാർഡ്

കോവളം

ഓട്ടോ മറിഞ്ഞ് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് രക്ഷകരായി കോസ്റ്റ് ഗാർഡ്. വിഴിഞ്ഞം ഹാർബർ റോഡിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷന് സമീപമായിരുന്നു അപകടം.

കോസ്റ്റ്ഗാർഡ് സ്റ്റേഷന് സമീപം ഓട്ടോറിക്ഷ നിയന്ത്രണം തെറ്റി മറിഞ്ഞാണ് അപകടം. അപകടത്തിൽ ഒൻപത് പേർക്ക് പരിക്കേറ്റു. ചെറിയതുറ സ്വദേശികളായ ശേശയ്യ (50), ജോസ് (45), ഷിബു (45), ജോസഫ് (53), അറുമുഖം (59), ജോസഫ് (58), അജു (38 വലിയതുറ), സ്റ്റീഫൻ (72 വിഴിഞ്ഞം), ആന്റണി (40 എയർപോർട്ട്) എന്നിവരെയാണ് മെഡി. കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.. മത്സ്യ തൊഴിലാളികളുമായി ഹാർബറിലേക്ക് പോയ വാഹനം നിയന്ത്രണം തെറ്റി മറിയുകയായിരുന്നുവെന്ന് രക്ഷാപ്രവർത്തകർ പറഞ്ഞു. അപകടമുണ്ടായ ഉടൻ സമീപത്തെ കോസ്റ്റ് ഗാർഡ് സ്റ്റേഷനിലെ ഡോക്ടർ ഉൾപ്പെടെയുള്ളവർ എത്തി പരുക്കേറ്റവർക്ക് പ്രാഥമിക ശുശ്രൂഷ നൽകി. പരിക്കേറ്റവരെ ആംബുലൻസിലും കോസ്റ്റ് ഗാർഡിന്റെ ബസിലുമായാണ് ആശുപത്രിയിലെത്തിച്ചത്.

എസ് എൽ ശ്യാം അനുസ്മരണം

തിരുവനന്തപുരം

പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മുതിർന്ന മാധ്യമ പ്രവർത്തകനും കലാകൗമുദി ബ്യൂറോ ചീഫുമായിരുന്ന എസ് എൽ ശ്യാം അനുസ്മരണം നടത്തി. പ്രസ് ക്ലബ് പ്രസിഡന്റ് എം രാധാകൃഷ്ണൻ അധ്യക്ഷനായി. എം വിജയകുമാർ, കെ പി ജയചന്ദ്രൻ, പി പി ജെയിംസ്,

ജെ ആർ പത്മകുമാർ, വഴുതക്കാട് നരേന്ദ്രൻ, കെ എം സാനു എന്നിവർ അനുസ്മരിച്ചു. എസ് എൽ ശ്യാമിന്റെ അച്ഛൻ ശിവചന്ദ്രൻ പിള്ള, അമ്മ ലളിതകുമാരി സഹോദരി സൗമ്യ എന്നിവർ പങ്കെടുത്തു.

കാണാതായ പെൺകുട്ടികളെ കണ്ടെത്തി

കോവളം

കാഞ്ഞിരംകുളത്തുനിന്ന് കാണാതായ സഹോദരിമാരെ കണ്ടെത്തി. തിങ്കളാഴ്ച രാവിലെ കാണാതായ കുട്ടികൾ രാത്രിയോടെ രണ്ടാനച്ഛന്റെ വീട്ടിൽ എത്തി. കാഞ്ഞിരംകുളം പൊലീസ് സ്റ്റേഷനിൽ എത്തിച്ച് കുട്ടികളുടെ മൊഴിയെടുത്തു. മാതാപിതാക്കളുടെ സംരക്ഷണക്കുറവും സ്വാതന്ത്ര്യമില്ലായ്മയുമാണ് കുട്ടികളുടെ ഒളിച്ചോട്ടത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു. പോത്തൻകോട് സ്വദേശികളായ പതിനാറും പതിനാലും വയസ്സുള്ള പെൺകുട്ടികളെയാണ് തിങ്കൾ പകൽ 11.30 മുതൽ ബന്ധുവീട്ടിൽനിന്ന് കാണാതായത്.

ശിലാസ്ഥാപനം ഇന്ന്

തിരുവനന്തപുരം

കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ നിർമിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ശിലാസ്ഥാപനം ബുധൻ വൈകിട്ട് 5.30ന് മന്ത്രി പി രാജീവ് നിർവഹിക്കും. ഐടി/ഐടി അനുബന്ധ വ്യവസായങ്ങൾക്കായി രണ്ടു ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ എട്ടു നിലകളിലായുള്ള കെട്ടിടമാണ് നിർമിക്കുന്നത്. രണ്ടു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കും. 5000 പേർക്ക് പ്രത്യക്ഷമായും 7500 പേർക്ക് പരോക്ഷമായും തൊഴിലും 100 കോടിയോളം രൂപയുടെ നിക്ഷേപവുമാണ് പ്രതീക്ഷിക്കുന്നത്.

അസ്മിയ മോളുടെ മരണം: സമഗ്രാന്വേഷണം വേണം– ഡിവൈഎഫ്ഐ

തിരുവനന്തപുരം

ബാലരാമപുരത്തെ അൽഅമീൻ എന്ന മതവിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർഥിനി അസ്മിയ മോൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ സമഗ്രാന്വേഷണം വേണമെന്ന് ഡിവൈഎഫ്ഐ. കുടുംബം ഉന്നയിച്ച ആരോപണങ്ങളിൽ പൊലീസ് അന്വേഷണം നടത്തണം. കുട്ടികൾ താമസിച്ചു പഠിക്കുന്ന സ്ഥാപനങ്ങളിൽ കൂടുതൽ സുരക്ഷ ഉറപ്പുവരുത്താൻ അധികൃതർ നടപടി സ്വീകരിക്കണമെന്നും ഡിവൈഎഫ്ഐ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

ധർണ ഇന്ന്

തിരുവനന്തപുരം

കേരളത്തിലെ ആയുർവേദ വകുപ്പിന് കീഴിലുള്ള പ്ലാൻ പ്രൊജക്ടുകളിൽ ജോലിചെയ്യുന്ന ആയുർവേദ ഡോക്ടർമാർ, തെറാപ്പിസ്റ്റ് എന്നിവരുടെ പുനനിയമനം ഉടൻ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ബുധനാഴ്ച കേരള ഭാരതീയ ചികിത്സാ മെഡിക്കോസ് എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറിയറ്റ് ധർണ നടത്തും. സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്യും.

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്യർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 – 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്യർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- 2018 (11.30, 3.00, 6.30, 10.00)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഓഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഓഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഓഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)